റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, കോർപ്പറേഷൻ ബിൽഡിംഗ്
പാളയം, തിരുവനന്തപുരം

## അറിയിപ്പ്

റ്റി.ആർ.ഒ/10/6750/എച്ച്.എസ്.ഇ/2014 തീയതി: 21-10-2014

തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആഫീസിനു കീഴിൽ വരുന്ന ഗവൺമെന്റ്/എയ്ഡഡ്- ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും 2014-15 അധ്യയന വർഷത്തേക്കുള്ള ഐ.ഇ.ഡിഎസ്എസ് സ്കോളർഷിന് അപേക്ഷ ക്ഷണിക്കുന്നു. 40% മോ അതിൽ കൂടുതലോ വൈകല്യം ഉള്ള വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അർഹത. അർഹരായ വിദ്യാർത്ഥികളുടെ അപേക്ഷകൾ, ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ താഴെപറയുന്ന മാതൃകയിൽ 2014 ഒക്ടോബർ 31 ന് മുൻപായി തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്.

മാതൃക

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| Sl. No | UDISE Code of school | Name of school | School Code | Name of student | UID Code of student | Class XI/XII | Category Gen/SC/ST/OBC/others | Sex male/ female | Disability of student | % of disability |
| | | | | | | | | | | |

ഹാജരാക്കേണ്ട രേഖകൾ

(1) വിദ്യാർത്ഥിയുടെ 40% ൽ കുറയാതെയുള്ള വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

ഗവൺമെന്റ് സ്കൂളുകളിൽ നിന്നും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തിയതും, എയ്ഡഡ് സ്കൂളുകളിൽ നിന്നും, ഗസറ്റഡ് റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയതുമായ സർട്ടിഫിക്കറ്റുകളുമാണ് ഹാജരാക്കേണ്ടത്

(2) വിദ്യാർത്ഥി ഐ.ഇ.ഡി വിഭാഗത്തിലാണ് അഡ്മിഷൻ എടുത്തിട്ടുള്ളത് എന്നതിന്റെ രേഖ (verification Report).

(3) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പ്

(4) വിദ്യാർത്ഥിയുടെ UID Code

(5) സ്കൂളിന്റെ UDISE Code

(6) സ്കൂൾ കോഡ്

(7) എസ്. ബി.റ്റി/എസ്.ബി.ഐ ബാങ്കുകളിൽ നിന്നും വിദ്യാർത്ഥിയുടെ പേരിലെടുത്ത '0' ബാലൻസ് അക്കൗണ്ട് പാസ് ബുക്കിന്റെ 1-ാമത്തെ പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

മേൽ പറഞ്ഞ രേഖകളോടൊപ്പം നിശ്ചിതമാതൃകയിൽ 2014 ഒക്ടോബർ 31 നുള്ളിൽ ഹാജരാക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. ആയതിൻമേൽ പിന്നീടൊരറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല. രേഖകൾ യഥാസമയം ഹാജരാക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ചകൾ മൂലം സ്കോളർഷിപ്പ് ലഭിക്കാതിരുന്നാൽ ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും പ്രിൻസിപ്പാൾ ഉത്തരവാദി ആയിരിക്കുന്നതാണ്.

OFFICE OF THE REGIONAL DEPUTY DIRECTOR
Thiruvananthapuram
Date.......................
HSE DEPARTMENT

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
തിരുവനന്തപുരം

കുറിപ്പ്:-1) **Learning Disability** വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

2) ഫ്രെഷ് ആപ്ലിക്കേഷനും റിന്യുവൽ ആപ്ലിക്കേഷനും വെവ്വേറെ സമർപ്പിക്കണം

3) റിന്യുവൽ തരുമ്പോഴും മുകളിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്